**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 967** **14-01-2021 - ൽ മറുപടിയ്ക്ക്**

**കായൽ വെള്ളം ജനവാസ കേന്ദ്രങ്ങളിലേക്ക് കയറുന്നത് തടയാനുള്ള നടപടികൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ദേശീയ ജലപാതയുടെ ഭാഗമായ കണ്ണങ്ങാട്-വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ ഭാഗം രണ്ട് റീച്ചായി മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിനും പ്രസ്തുത പ്രദേശത്തെ ജനജീവിതം സുഗമമാക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | (എ),(ബി) & (സി) കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷനിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന് കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. മേൽ വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | കായൽ വെള്ളം ജനവാസ കേന്ദ്രങ്ങളിലേക്ക് കയറുന്നത് രൂക്ഷമാവുന്ന സാഹചര്യവും മത്സ്യബന്ധനത്തിന് തടസ്സം സൃഷ്ടിക്കപ്പെടുന്നതും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | (എ),(ബി) & (സി) കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷനിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന് കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. മേൽ വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. |
| (സി) | സി.എസ്.ഐ.എൻ.ഡി. 21/6/2018 ൽ ഇറക്കിയിട്ടുള്ള 2/2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷന്റെയോ കൊച്ചി പോർട്ട് ട്രസ്റ്റിന്റെയോ കൈവശമുള്ള സ്ഥലങ്ങൾ കളക്ടർ മുഖാന്തരം ലഭ്യമാക്കി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | (എ),(ബി) & (സി) കണ്ണങ്ങാട് - വെല്ലിംഗ്ടൺ ഐലന്റ് പാലം മുതൽ അരൂർ പാലം വരെയുള്ള വേമ്പനാട് കായലിന്റെ എക്കൽ നീക്കം ചെയ്യുന്നതിനായി രണ്ട് റീച്ചായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും-യുടെ ഓഫീസിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനായി കൊച്ചിൻ കോർപ്പറേഷന്റെ അധീനതയിൽ ഉള്ളതും 16-ാം ഡിവിഷനിൽ പള്ളുരുത്തി മേഖലയിലെ 3 ഏക്കറോളം വരുന്ന സ്ഥലം ലീസിന് നൽകണമെന്ന് കൊച്ചിൻ കോർപ്പറേഷൻ സെക്രട്ടറിയോടും കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ളതും SER ഏരിയായിൽ ഉൾപ്പെട്ടതുമായ രാമേശ്വരം വില്ലേജിലെ സർവ്വേ നം. 11/66-ലെ താഴ്ന്ന് കിടക്കുന്ന ഭാഗത്ത് ടി എക്കലും മറ്റ് മാലിന്യങ്ങളും നിക്ഷേപിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റിനോടും അഭ്യർത്ഥിച്ചിട്ടുള്ളതും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ പരിശോധിക്കാവുന്നതുമാണ്. മേൽ വിവരങ്ങൾ എറണാകുളം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ